**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അംഗൻവാടികളെ, കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുംവിധം സ്മാർട്ട് അംഗൻവാടികളാക്കുന്നതിനെ അടിസ്ഥാനമാക്കി പ്രത്യേക പഠനങ്ങൾ സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | (എ) സംസ്ഥാനത്ത് അങ്കണവാടികളെ, കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുംവിധം സ്മാർട്ട് അങ്കണവാടികളാക്കുന്നതിനെ അടിസ്ഥാനമാക്കി വകുപ്പ് തലത്തിൽ പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ സ്മാർട്ട് അങ്കണവാടിയുടെ പ്ലാൻ തയ്യാറാക്കുന്ന വേളയിൽ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും, കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്മാർട്ട് അംഗൻവാടി പ്രവർത്തനം സംസ്ഥാനത്ത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തെല്ലാം ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്; ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്മാർട്ട് അംഗൻവാടികളിൽ പ്രത്യേക സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | (ബി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 204 അങ്കണവാടികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ 2 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം, ശിശു സൗഹൃദ ടോയ്‌ലെറ്റ് തുടങ്ങിയവയും കുട്ടികൾക്കായി പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി കായിക മാനസിക വികാസത്തിനായി സ്കിപ്പിംഗ് റോപ്പ്, ചെസ്/ക്യാരംസ് ബോർഡുകൾ, ഫിംഗർ പോപ്പറ്റ് എന്നീ സൗകര്യങ്ങൾ കൂടെ ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപകല്പന ചെയ്തിട്ടുള്ളത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്മാർട്ട് അങ്കണവാടികളിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ